(ഡി) 15.2.1997 മുതൽ സംസ്ഥാനത്ത് പവർകട്ട് നിലവിലില്ല. ജില്ലാ ആസ്ഥാനങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ രാത്രികാലത്ത് ഏർപ്പെടുത്തിയിട്ടുള്ള അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. വൈദ്യുതിനിരക്ക് വർദ്ധനവ് ഏർപ്പെടുത്തിയപ്പോൾ ഗാർഹിക ഉപഭോക്താക്കൾക്ക് വളരെ മിതമായ വർദ്ധനവ് മാത്രമേ ഏർപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ സാധാരണ ജനങ്ങൾക്ക് ഉണ്ടാകത്തക്കതരത്തിലുള്ള ഒരു വർദ്ധനവല്ല സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) നിരക്കുവർദ്ധിപ്പിച്ചതിനുശേഷവും യൂണിറ്റൊന്നിന് 10.5 പൈസ നഷ്ടം സഹിച്ചാണ് വൈദ്യുതി വിൽക്കുന്നത്. അതിനാൽ വൈദ്യുതിചാർജ് കുറയ്ക്കാൻ നിർവ്വാഹമില്ല.

(എഫ്) ഗാർഹികം-ശരാശരി വർദ്ധനവ് : 26.5%

ഹൈടൻഷൻ- വ്യവസായം : 40%

എക്സ്ട്രാഹൈടെൻഷൻ : 40%

(ജി) 1997-ൽ ഒരു തവണയാണ് നിരക്ക് വർദ്ധനവ് ഏർപ്പെടുത്തിയത്. ഈ ഉത്തരവുപ്രകാരം ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, ഉപഭോക്താക്കൾക്ക് 40 ശതമാനവും ലോടെൻഷൻ ഉപഭോക്താക്കൾക്ക് 35% വും വർദ്ധനയാണ് വരുത്തിയത്. കൂടാതെ ഈ ഉത്തരവു പ്രകാരം എല്ലാവർഷവും 10 ശതമാനം അധികനിരക്ക് നൽകാൻ വ്യവസായശാലകൾ ബാദ്ധ്യസ്ഥരാണ്. ഇതനുസരിച്ചുള്ള വർദ്ധനവ് 1.2.98 മുതൽ വരുത്തിയിരുന്നു.

വിശദീകരണക്കുറിപ്പ് (അനുബന്ധമായി ചേർത്തിരിക്കുന്നു)[†]

14 (*42) ജലവൈദ്യുതി ഉൽപ്പാദനം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഭരണികളിൽ മതിയായത്ര വെള്ളമുണ്ടായിട്ടും ജലവൈദ്യുതിയുടെ ഉൽപ്പാദനം വെട്ടിക്കുറയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഒരു ക്രമീകരണം നടത്താനുള്ള ശുപാർശ നൽകിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(സി) കാലവർഷം ആരംഭിച്ചപ്പോൾ തന്നെ സംഭരണികൾ നിറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഈ വർഷം വൈദ്യുതോൽപ്പാദനം നടത്തേണ്ട ലക്ഷക്കണക്കിന് ഘന അടി ജലം ഇക്കാരണത്താൽ ഒഴുക്കികളയേണ്ടി വരുമെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ നടപടി ജല വൈദ്യുതി പ്രോജക്ടുകളിലെ ഉൽപ്പാദനം ക്രമേണ കുറച്ചുകൊണ്ടുവന്ന് പൂർണ്ണമായും നിർത്തലാക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന ആരോപണത്തെക്കുറിച്ച് ഗവണ്മെന്റിന്റെ അഭിപ്രായമെന്താണ്;

[†] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജലം പാഴായി ഒഴുക്കി കളയുന്നത് സംസ്ഥാനത്ത് മിച്ചജലമുള്ളതുകൊണ്ടാണെന്ന തമിഴ്നാടിന്റെ വാദത്തിന് പിൻബലമേകുമെന്ന കാര്യം ഗവണ്മെന്റിനറിവുണ്ടോ;

(എഫ്) വിദേശ ഏജൻസിയുടെ പിൻബലത്തിൽ തമിഴ്നാട് ലോബിയുടെ ഇടപെടൽമൂലമാണ് ഇത്തരമൊരു നടപടി ഉണ്ടായതെന്ന ആരോപണത്തെക്കുറിച്ച് ഗവണ്മെന്റിനറിവുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 1999 ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ഉൽപ്പാദനം മുൻവർഷത്തെക്കാൾ കൂടുതലാണ്. 99 മേയ് മാസത്തിൽ മാർച്ച് മാസത്തേക്കാൾ 93 മില്യൺ യൂണിറ്റ് ഉപഭോഗം കുറവായിരുന്നു. ആനുപാതികമായ കുറവേ ഉൽപ്പാദനത്തിലും ഉണ്ടായിട്ടുള്ളൂ. മൂഴിയാർ, ഇടുക്കി, ലോവർ പെരിയാർ പദ്ധതികളുടെ പ്രവർത്തനം ചെറിയ കാലയളവിൽ നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. കക്കാട് പദ്ധതിയുടെ ടണലിൽ ജലം നിറയ്ക്കുന്നതിനും അനുബന്ധ ജോലികൾക്കുമായി ശബരിഗിരി പദ്ധതിയുടെ പ്രവർത്തനം 6/4/99 മുതൽ 19/4/99 വരെ പൂർണ്ണമായും തുടർന്ന് 16/5/99 വരെ ഭാഗികമായും നിർത്തി വച്ചിരുന്നു. ലോവർ പെരിയാർ പദ്ധതിയുടെ ജനറേറ്ററുകൾ ഒരു വർഷത്തെ പ്രവർത്തനശേഷമുള്ള മാൻഡേറ്ററി ഇൻസ്പെക്ഷനു വേണ്ടി 20/5/99 മുതൽ 29/5/99 വരെ നിർത്തിവച്ചു. ഇടുക്കി നിലയത്തിലെ ഒന്നാം ഘട്ടത്തിലെ മൂന്നാം നമ്പർ ജനറേറ്റർ നോസിലുകളുടെ തേയ്മാനം മൂലം കുറെക്കാലമായി കുറഞ്ഞ ഉൽപ്പാദനക്ഷമതയിലാണ് പ്രവർത്തിക്കുന്നത്. കാലപ്പഴക്കം കൊണ്ട് ഈ ജനറേറ്ററിന്റെ സ്പെരിക്കൽവാൽവിൽ വന്ന ചോർച്ച പരിഹരിക്കുന്നതിനും നോസിലുകളുടെ റിപ്പയറിംഗിനുംവേണ്ടി ഒന്നാം ഘട്ടത്തിലേക്കുള്ള പെൻസ്റ്റോക്ക് പൈപ്പ് 9/6/99 മുതൽ 24 ദിവസത്തേക്ക് അടച്ചിരിക്കുന്നതിനാൽ ഇക്കാലയളവിൽ അവിടെ 3 ജനറേറ്ററുകൾ പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല.

(ബി) ബോർഡിലെ ലോഡ് ഡെസ്പാച്ച് സ്റ്റേഷനും, വാട്ടർ മാനേജ്മെന്റ് സെല്ലും ചേർന്നാണ് ഉൽപ്പാദനക്രമീകരണം നടത്തുന്നത്.

(സി) കഴിഞ്ഞ പത്തുവർഷം ലഭിച്ച നീരൊഴുക്കിന്റെ ശരാശരി ഈ വർഷവും ഓരോ സംഭരണികളിലും ലഭിക്കുമെന്നു കണക്കാക്കിയാണ് ഈ വർഷവും ഉൽപ്പാദനം പ്ലാൻ ചെയ്തിരിക്കുന്നത്. കഴിഞ്ഞമാസം കൂടുതൽ മഴ ലഭിച്ചതിനാൽ സംഭരണികളിൽ കൂടുതൽ ജലം ലഭ്യമായി. ഇതു പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ചെറിയസ്റ്റേഷനുകൾ പൂർണ്ണശേഷിയിലും കൂടുതൽ സംഭരണശേഷിയുള്ള സ്റ്റേഷനുകൾ ക്രമീകരിച്ചും ഉൽപ്പാദനം നടത്തിവരുന്നു. ഈ ക്രമീകരണങ്ങൾ ചെയ്യുന്നത് ജലം കവിഞ്ഞൊഴുകുന്നത് കഴിയുന്നത്ര ഒഴിവാക്കുന്നതിനുവേണ്ടിയാണ്.

(ഡി) ഇത്തരത്തിലുള്ള യാതൊരുനീക്കവും ഇല്ല. ലഭ്യമായ ജലം കഴിയുന്നത്ര ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ജല വൈദ്യുതോൽപ്പാദനം നടത്തുന്നത്.

(ഇ) ജലം പാഴായി ഒഴുക്കിക്കളയുന്നത് കഴിയുന്നത്ര ഒഴിവാക്കത്തക്ക രീതിയിലാണ് ജല വൈദ്യുതി ഉൽപ്പാദനം പ്ലാൻ ചെയ്യുന്നത്.

(എഫ്) ഇത്തരം ആരോപണത്തെക്കുറിച്ച് അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly